SYRO-MALABAR MAJOR ARCHIEPISCOPAL CHURCH
**Commission for Laity**
Major Archbishop
Mar Varkey Cardinal Vithayathil
Mar Mathew Arackal - Chairman
Mar Mathew Anikuzhikattil - Member
Mar Sebastian Adayanthrath - Member
Adv. V. C. Sebastian - Secretary

# പ്രസ്സ് റിലീസ്

## സാമുദായികബോധവും വർഗ്ഗീയവാദവും വ്യത്യസ്തമാണ് – മാർ ആൻഡ്രൂസ് താഴത്ത്

കൊച്ചി നവംബർ 27. സാമുദായികബോധവും വർഗ്ഗീയവാദവും വ്യത്യസ്തമാണെന്നും സാമുദായിക ബോധം സാമൂഹിക പുരോഗതിയിലേക്കു നയിക്കുമെന്നും തൃശൂർ ആർച്ച് ബിഷപ്പും കെ.സി.ബി.സി. സെക്രട്ടറി ജനറലുമായ മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള കൺസൾട്ടേഷൻ കൗൺസിൽ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ആൻഡ്രൂസ് താഴത്ത്.

ദേശീയബോധ്യമില്ലാത്ത സാമുദായികബോധം വർഗ്ഗീയവാദത്തിലേക്കും തീവ്രവാദത്തിലേക്കും നയിക്കും. കൃഷി, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ധാർമിക പ്രവർത്തനം, സാഹിത്യം, കല, രാജ്യഭരണം, രാഷ്ട്രീയം, മാധ്യമം, ബാങ്കിംഗ്, പരിസ്ഥിതി തുടങ്ങിയ രംഗങ്ങളിലെ സഭയുടെ സംഭാവനകൾ മറന്നുകൊണ്ടാണ് പലരും സഭയെ വിമർശിക്കുന്നതെന്നും ചരിത്രബോധമില്ലാത്തതുകൊണ്ടാണ് അത്തരം വിമർശനങ്ങളെന്നും മാർ ആൻഡ്രൂസ് താഴത്ത് കൂട്ടിച്ചേർത്തു.

നിഷേധാത്മകസമീപനങ്ങളുടെ പഠനക്കളരിയായി കേരളത്തെ മാറ്റാനുള്ള ശ്രമം കത്തോലിക്കാവിശ്വാസപരിശീലനത്തിലൂന്നിയ മാർഗനിർദേശത്തിലൂടെ നേരിടണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ കമ്മീഷൻ പ്രവർത്തനരേഖ അവതരിപ്പിച്ചു. വിദ്യാഭ്യാസം, ആത്മീയം, സാങ്കേതികം, പൊതുഭരണം, കൃഷി, വാണിജ്യം, സാഹിത്യം, കല തുടങ്ങിയ വിവിധ മേഖലകളിലെ അൻപതോളം അല്മായപ്രമുഖർ അടങ്ങുന്നതാണ് അല്മായ കമ്മീഷൻ കൺസൾട്ടേഷൻ കൗൺസിൽ.

മുഖ്യധാരയിൽ ചേർന്നുനിന്നുകൊണ്ട് സഭയെയും സമൂഹത്തെയും ശക്തിപ്പെടുത്തുവാൻ അല്മായർ ഒറ്റക്കെട്ടായി മുന്നോട്ടിറങ്ങേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കൗൺസിൽ ചൂണ്ടിക്കാട്ടി. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരവും കോട്ടേഷൻ മാഫിയ സംഘങ്ങളുയർത്തുന്ന വൻ ഭീഷണിയും വിലക്കയറ്റവും നാടിനെ തകർച്ചയിലേക്കു നയിക്കുന്നതിൽ കൗൺസിൽ ഉത്കണ്ഠ രേഖപ്പെടുത്തി.

മൂല്യങ്ങൾ നഷ്ടപ്പെടുത്തി ലക്ഷ്യബോധമില്ലാതെ നീങ്ങുന്ന ഒരു തലമുറയ്ക്ക് നന്മയുടെ പാത ഒരുക്കുവാൻ ഭരണസംവിധാനവും മതസാമുദായികപ്രസ്ഥാനങ്ങളും ദീർഘവീക്ഷണത്തോടുകൂടിയതും ജാതി മത വർഗ്ഗ ചിന്തകൾക്കതീതവുമായ കർമപദ്ധതികൾ ആവിഷ്കരിക്കണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടു. 50% സ്ത്രീസംവരണം കൗൺസിൽ സ്വാഗതം ചെയ്തു. അതിനാവശ്യമായ പരിശീലനപരിപാടികൾ ആവിഷ്കരിക്കുവാൻ വനിതാസംഘടനകൾ തയ്യാറാകണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

ഇടുക്കി രൂപതാ ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, ഡോ. സിറിയക് തോമസ്, ടോം ജോസ് ഐ.എ.എസ്., പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ, അഡ്വ. ജോസ് വിതയത്തിൽ, ഡോ. സ്റ്റാനി തോമസ്, ജോർജുകുട്ടി ആഗസ്തി തുടങ്ങിയവർ പ്രസംഗിച്ചു.

അഡ്വ. വി.സി സെബാസ്റ്റ്യൻ
സെക്രട്ടറി

Mount St. Thomas, Kakkanad, Kochi 682021
Correspondence: Pastoral Centre, P.B. No 22, Kanjirapally – 686507, Kottayam Dt. Kerala
Ph: +91 4828 203080, 202665, 202906, 203699, 9447355512, 0484 2424768, 2424780, Fax: 04828 206022
email: laitycommission@gmail.com




*സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള അല്മായ കൺസൾട്ടേഷൻ കൗൺസിൽ സഭാ ആസ്ഥാനമായ കൊച്ചി കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു. മാർ മാത്യു അറയ്ക്കൽ, അഡ്വ വി.സി. സെബാസ്റ്റ്യൻ, ഡോ. സിറിയക്ക് തോമസ്, ടോം ജോസ് ഐ.എ.എസ്., പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ, അഡ്വ. ജോസ് വിതയത്തിൽ എന്നിവരെയും കാണാം.*

Mount St. Thomas, Kakkanad, Kochi 682021
**Correspondence:** Pastoral Centre, P.B. No 22, Kanjirapally – 686507, Kottayam Dt. Kerala
Ph: +91 4828 203080, 202665, 202906, 203699, 9447355512, 0484 2424768, 2424780, Fax: 04828 206022
email: laitycommission@gmail.com